All Kerala Press Release 17.7.2017

# ക്രിസ്തുവിന്റെ ആദർശങ്ങളിലൂന്നിയ നേതൃത്വം വാർത്തെടുക്കണം: ആർച്ചുബിഷപ് മാർ ജോസ് പെരുന്തോട്ടം

കോട്ടയം: ക്രിസ്തുവിന്റെ ആദർശങ്ങളെ ജീവിതശൈലിയാക്കി മാറ്റുന്ന നേതൃനിരയെ വാർത്തെടുത്താൽ മാത്രമേ സമൂഹത്തെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വഴികളിലേക്ക് നയിക്കാനാവു എന്ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള വിദ്യാർത്ഥി ഭാരവാഹികൾക്കായുള്ള രണ്ടുദിവസത്തെ നേതൃപരിശീലനക്യാമ്പ് മാങ്ങാനം അപ്പസ്തോലിക് സ്പിരിച്ച്വാലിറ്റി സെന്ററിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്ത. കെസിഎസ്എൽ സംസ്ഥാന ജനറൽ ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ, ചങ്ങനാശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. മാത്യു വരുവേലിൽ, അസിസ്റ്റന്റ് ഡയറക്ടർ ലൈജു കണിച്ചേരിയിൽ, സംസ്ഥാന ജനറൽ ട്രഷറർ മനോജ് ചാക്കോ, ജനറൽ ഓർഗനൈസർ സിറിയക് നരിതൂക്കിൽ എന്നിവർ പ്രസംഗിച്ചു. സമാപനചടങ്ങിൽ സംസ്ഥാനപ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. അതിരൂപത പ്രസിഡന്റ് ഷൈരാജ് വർഗീസ്, സ്റ്റുഡന്റ്സ് ചെയർമാൻ ജോസി ജോസഫ് എന്നിവർ പ്രസംഗിച്ചു. സിജോ പി. ജേക്കബ് ക്ലാസ്സുകൾ നയിച്ചു. വിവിധ രൂപതകളിൽ നിന്നായി 100 -ൽ അധികം വിദ്യാർത്ഥി പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.

**ഫാ. തോംസൺ പഴയചിറപീടികയിൽ**
സംസ്ഥാന ജനറൽ ഡയറക്ടർ, കെസിഎസ്എൽ

ഫോട്ടോ മാറ്റർ: വിദ്യാർത്ഥി ഭാരവാഹികൾക്കായുള്ള നേതൃപരിശീലനക്യാമ്പ് മാങ്ങാനം അപ്പസ്തോലിക് സ്പിരിച്ച്വാലിറ്റി സെന്ററിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു. ഫാ. തോംസൺ പഴയചിറപീടികയിൽ, ഫാ. മാത്യു വരുവേലിൽ, സിറിയക് നരിതൂക്കിൽ, ജോസി ജോസഫ്, ബെല്ല സണ്ണി എന്നിവർ സമീപം